**തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Ajithkumar M P)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ജീവനക്കാര്യം - ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് (മുൻ സാങ്കേതിക വിഭാഗം) റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/1053/2023-DEE4>തീയതി:20-05-2025

പരാമർശം:
1) തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.12.2024 തീയതിയിലെ LSGD/PD/45022/GEA2 നമ്പർ ഉത്തരവ് പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
2) GO(P) 27/21/FIN dated 10.02.2021 ഉത്തരവ്
3) സ ഉ (കൈ) നം.48/2025/LSGD തീയതി: 11.03.2025

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ (മുൻ സാങ്കേതിക വിഭാഗം) വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണം 1:1:1:1 അനുപാതത്തിൽ ക്രമീകരിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത തസ്തികയിലേയ്ക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിലവിൽ വന്ന 3 റിട്ടയർമെന്റ്/സ്ഥാനക്കയറ്റ ഒഴിവുകളിലേയ്ക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ അർഹരായ 3 ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 39,300-83,000 ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് (പട്ടിക 1)**

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റ് | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 5 | സ്മിത എച്ച് | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, പാലക്കാട് | 01.02.2025 |
| 2 | 6 | സ്മിത പി | LID & EW ഡിവിഷൻ, ജില്ലാ പഞ്ചായത്ത്, പാലക്കാട് | 16.04.2025 |
| 3 | 7 | സുമിത്ര വി | LID & EW സബ്ഡിവിഷൻ, കുഴൽമന്ദം. | 01.05.2025 |

മേൽ ഖണ്ഡിക പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 3 ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി പട്ടിക പ്രകാരം അർഹരായ 3 ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 37,400-79000/- ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് (പട്ടിക 2)**

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റ് | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 5 | ശാരദ എം | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,കാസറഗോഡ് | 01.02.2025 |
| 2 | 6 | ശ്രീലത ബി | LID & EW സബ്ഡിവിഷൻ, മാവേലിക്കര | 16.04.2025 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | 7 | റംലത്ത് എം | LID & EW സബ്ഡിവിഷൻ, ചേളന്നൂർ | 01.05.2025 |

മേൽ ഖണ്ഡിക പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തിയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 3 ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി പട്ടിക പ്രകാരം അർഹരായ 3 ജീവനക്കാർക്ക് അവരുടെ പേരുകൾക്ക് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 35,600-75,400/- ശമ്പള സ്കെയിലിൽ യു ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

**യു.ഡി.ടൈപ്പിസ്റ്റ് (പട്ടിക 3)**

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റ് | പേര് | നിലവിലെ സ്റ്റേഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 6 | ബിനി വി ജെ | ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കൊല്ലം | 01.02.2025 |
| 2 | 7 | ബിന്ദു ഒ എസ് | പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | 16.04.2025 |
| 3 | 8 | അനില കുമാരി വി | LID& EW ഡിവിഷൻ, മലപ്പുറം ജില്ലാ പഞ്ചായത്ത് | 01.05.2025 |

മേൽ പട്ടിക 3-ൽ ക്രമ നമ്പർ 2 പ്രകാരം എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ നല്കിയതുവഴി പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ഉണ്ടായിട്ടുള്ള എൽ.ഡി.ടൈപ്പിസ്റ്റ് ഒഴിവ് മുഖ്യ കാര്യാലയത്തിൽ നിന്നും PSC യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

റേഷ്യോ പ്രൊമോഷൻ ലഭിച്ച മേൽ ജീവനക്കാരുടെ നിയമനം 2025-ലെ പൊതുസ്ഥലമാറ്റ ഉത്തരവുകൾക്കും, തദ്ദേശ സ്വയഭരണവകപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ ജില്ലാതലത്തിൽ സ്ഥിരപ്പെടുത്തുമ്പോഴും അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം /നിയമനം നൽകുന്നതിലേക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് മേൽ ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ സ്റ്റേഷനിൽ തന്നെ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

ഈ ഉത്തരവ് വഴി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ച് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, വിവരം ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

Ajithkumar M P
ADDITIONAL DIRECTOR

പകർപ്പ് :
1. ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരികൾ മുഖേന)
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. സി.എ, പ്രിൻസിപ്പൽ ഡയറക്ടർ
4. സൂപ്രണ്ട്, IE, ജി.ഇ.എ സെക്ഷൻ
5. സൂപ്രണ്ട്, ഐ.റ്റി.സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 20-05-2025 12:08:39